താങ്ങ്. നാളെ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. വരികയില്ലെങ്കിൽ നമുക്ക് പിടിച്ചുകൊണ്ടുവരാം അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി പ്രസംഗംചെയ്യാൻ അദ്ദേഹത്തിനുള്ള പാടവം ചില്ലറയല്ല. പ്രസംഗം കേൾക്കുമ്പോൾ ആരുടേയും ശിരസ്സു കുലുങ്ങിപ്പോകും. മലയാളം നിശ്ചയമില്ലാത്ത സായ്പുകൂടി അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തലയാട്ടി വിരിക്കുകയുണ്ടായി. തിരുമേനി നാളെ വരുകയില്ലെങ്കിൽ അദ്ദേഹത്തെ നമുക്ക് പിടിച്ചുകൊണ്ടുവരണം. ഇത്ര സരസമായി പ്രസംഗിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല.

Mr. Deputy President: The Hon'ble Member has taken more than half-an-hour.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a well known piece of legislation. Out of my respect to your place, I will finish off in 2 minutes.

അദ്ദേഹം അസ്വസ്ഥം തറക്കുന്ന വേദനയോടുകൂടിയാണ് ഇതിനെപ്പറ്റി സംസാരിച്ചത്. വാസ്തവത്തിൽ ഇതു അദ്ദേഹത്തിൽ അസ്വസ്ഥം തറപ്പിക്കുകയല്ല ഉണ്ടായതു്. ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമാണ് അദ്ദേഹം നോക്കുന്നതു്. കുടിയാന്മാരില്ലെങ്കിൽ ജന്മികളുണ്ടാകുമോ? കുടിയാന്മാരിലാണ് രാജ്യത്തിന്റെ അഭിവൃദ്ധിയെന്നു വിശ്വസിക്കുന്നവർ ഇവിടെയുള്ളതുകൊണ്ട് പ്രത്യേകിച്ചു പ്രജാമണ്ഡലം കക്ഷി ഇവിടെയുള്ളതുകൊണ്ട് കുടിയാന്മാരുടെ കാര്യം ഇവിടെ പറയും. ഗവൺമെണ്ടിന്റെ മനോഭാവത്തിന്റെ വ്യത്യാസമനുസരിച്ച് അതു കേൾക്കുകയും ചെയ്യും.

പിന്നെ പങ്കു പാട്ടത്തെപ്പറ്റി, നാളെ വരാൻപോകുന്ന ബില്ലിനെപ്പറ്റി ഇന്നതന്നെ പറയാൻ തുടങ്ങി. ഇപ്പോഴെ അവർക്കു ആ കാര്യത്തിൽ പരിഭ്രമം തുടങ്ങി. ഇതൊക്കെ പറയാൻ എനിക്കു ഇത്രയും സമയമനുവദിച്ചതിൽ ഞാൻ നന്ദിപറയുന്നു. ഈ കാര്യത്തിൽ നിങ്ങൾ പ്രാർത്ഥന ചെയ്യേണ്ടതാണെന്നുള്ള അപേക്ഷ യോടുകൂടി ഞാൻ വിരമിച്ചു കൊള്ളുന്നു.

Motion put and carried

2. The Cochin Verumpattamdars Act (Amendment) Bill

Mr. A. Eachara Menon *(Chittur-Tattamangalam):* I request the Chair to postpone consideration of my amendment Bill to the next meeting.

Mr. Deputy President: I will refer the matter for the leave of the House.

Motion put and carried

Non-official Resolutions

5. Lease of Purambokes to depressed class people *(contd.)*

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഭക്ഷ്യോല്പാദനപദ്ധതിയനുസരിച്ച് കൃഷിചെയ്യുവാൻ കൊടുത്തിട്ടുള്ള പുറംപോക്കു സ്ഥലങ്ങളുടെ കാലാവധി കഴിയുമ്പോൾ കിടക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കളും യഥാർത്ഥ കർഷകരുമായ അധഃകൃതർക്കു് മുൻഗണന കൊടുക്കണമെന്നുള്ള ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഇതു് ഏറ്റവും നിസ്സാരമായ കാര്യം നഷ്ടമില്ലാത്തതും, ആരുടേയും മുതലിൽനിന്നു എടുത്തു കൊടുക്കേണമെന്നു ആവശ്യപ്പെടാത്തതുമായ ഒരു സംഗതിയാണ്. ഗവൺമെണ്ടുവക പുറമ്പോക്കു സ്ഥലങ്ങൾ, പ്രയത്നം ചെയ്യുവാനും, താമസിക്കുവാൻ തീരെ സ്ഥലമില്ലാത്തതുമായ അധഃകൃതർക്കു, അതു വിഭജിക്കുന്ന സമയത്തു ഏറ്റവും പരിമിതമായ ഒരു ആവശ്യം മാത്രമാണ് ഈ പ്രമേയംകൊണ്ടു ആവശ്യപ്പെടുന്നതു. ഇതിനു ഈ നിയമസഭയിൽ ആരും തന്നെ വിരോധം പറയുമെന്നുള്ള ബോദ്ധ്യം എനിക്കില്ല. പുറംപോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിൽ എനിക്കു പ്രത്യേകമായി ഒരു കാര്യം ഗവൺമെണ്ടിനെ ചൂണ്ടി കാണിക്കേണ്ടതുണ്ട്. ഏതെങ്കിലും ഭൂമി ഉടമസ്ഥനാരുടെ സ്ഥലത്തിനടുത്തുകിടക്കുന്ന പുറമ്പോക്കു സ്ഥലമുണ്ടെങ്കിൽ അതു ആ ഭൂമി ഉടമസ്ഥനുതന്നെ പതിച്ചു കൊടുക്കേണമെന്നുള്ള ഒരു വ്യവസ്ഥ നമ്മുടെ ലാൻഡ് റവന്യൂ മാനുവലിലുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി, വളരെ അധികം ഏക്കർ ഭൂമി കൈവശമുള്ള ഒരു ഭൂമി ഉടമസ്ഥനായാലും ശരി ഇരിക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന കർഷകനു് അതിന്റെ അടുത്തു കിടക്കുന്ന പുറമ്പോക്കു സ്ഥലം പതിച്ചു കിട്ടണമെന്നു ആവശ്യപ്പെട്ടാൽ അതു കൊടുക്കാതിരിക്കുന്നതായ ഒരു നയം പുലർത്തുവാനുള്ള ചില നിയമങ്ങൾ നമ്മുടെ ഗവൺമെണ്ടിനുണ്ട്. ആയവക നിയമങ്ങളെല്ലാം ഇനി ഒന്നു മാറാതെ നിലനിർത്തിയില്ല. ഈയവക നിയമങ്ങളൊക്കെ ചില ജന്മിമാരെയെല്ലാം കുബേരന്മാരാക്കി തീർക്കുവാൻ പര്യാപ്തമായിട്ടുള്ളതാണ്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അധഃകൃതനെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടു് വളരെ ദയവായിട്ടു കോളനികൾ സ്ഥാപിക്കുവാൻ തുടങ്ങി. ആ കോളനികൾ പത്തുക്കളും കൂടി മേയാത്ത ചില കുന്നുകളുടെ മുകളിലുള്ള പാറകളുടെ മുകളിലാണു് സ്ഥിതി ചെയ്യുന്നതു്. അങ്ങിനെയാണു് ഗവമ്മെണ്ടു് ഇതേവരെ അനുവദിച്ചിരിക്കുന്നതു്. ഇങ്ങിനെയുള്ള സ്ഥലത്തുള്ള കോളനിക്കാണു് ഹെർബർട്ട നഗർ എന്നും മറ്റും പോരുകൊടുത്തിട്ടുള്ളതു്. ഇത്ര വലിയ ഒരു മഹാനുഭാവന്റെ പേരു് ഇതുപോലെയുള്ള കോളനികൾക്കും മറ്റും കൊടുക്കുന്നതു വലിയ വിഡ്ഢിത്തമാണു്.

ഏറ്റവും മാർദ്ദവത്തോടുകൂടിയും, ഏതു വിശാലതയോടും, കൂടിയ ഒരു ലോകവിശ്രുതനായ മഹാന്റെ പേരു് പാറപോലെയുള്ള ഒരു സ്ഥലത്തിനു് കൊണ്ടിട്ടു് അദ്ദേഹത്തിന്റെ പേരിനു് ഒരു കളങ്കമുണ്ടാക്കിതീർക്കുകയാണു് ചെയ്യുന്നതു്. ഈ ഭക്ഷണസാധനങ്ങളുണ്ടാക്കുന്നതു യഥാർത്ഥമായ കർഷകന്മാരാണെന്നു് എല്ലാവർക്കും അറിയാം. അങ്ങിനെയുള്ള ഇവരെപ്പോലെയുള്ള പാവങ്ങളും, മദ്ധ്യമക്കാരുമായ പ്രജകളും നമ്മുടെ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ വെറെ ഒരു ജനവിഭാഗം വേറെയില്ലെന്നു് പരിപൂർണ്ണമായിട്ടു വിശ്വസിക്കുന്ന ഒരുത്തനാണു് ഞാൻ. പുല്ലിനുംകൂടി വഴിമാറികൊടുക്കുന്നവരാണു് അവർ. അങ്ങിനെയുള്ള ഇവർക്കു് പബ്ലിക്കു് റോഡിൽക്കൂടി നടക്കുവാൻ പാടില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: എവിടെയാണു് അങ്ങിനെ നടക്കുവാൻ പാടില്ലെന്നു പറയുന്നതു്?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ കൊച്ചിരാജ്യത്തിൽ അധഃകൃതർക്കു് സഞ്ചാരയോഗ്യമില്ലാത്ത എത്രയോ റോഡുകളുണ്ടെന്നുള്ളതു്, വയോവൃദ്ധനായ നമ്മുടെ ഈ ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കാത്തതു് ഏറ്റവും പരിതാപകരമായ ഒരു സംഗതിയാണു്. പരിഷ്കാരത്തിലും, സംസ്കാരത്തിലും ഏറ്റവും മുന്നണിയിൽ വന്നിട്ടുള്ള സ്ഥലങ്ങളും ധാരാളമുണ്ടു്. അവിടെ പ്രത്യേകമായി ചില സ്ഥലങ്ങളും ചില സ്ഥാപിത താല്പര്യക്കാർക്കുവേണ്ടി നീക്കിവെച്ചിരിക്കുകയാണു്. ഉദാഹരണത്തിനു ഇങ്ങിനെ ഒരു സ്ഥലമുണ്ടു്. കുസ്ത്യാനി, ഈഴവൻ, മുഹമ്മദീയൻ മുതലായ ആളുകൾക്കു് അവിടെ താമസിച്ചുകൂടാ. എന്നിരുന്നാലും പരിഗണനായ ഈ സാധു പുലയനു് അവിടെ താമസിക്കാം.

Mr. Deputy President: The Hon'ble Member will go on and continue his speeches. He is carrying on a conversation with another Hon'ble Member.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇങ്ങിനെയുള്ള സ്ഥലങ്ങളും മുഴുവനും അധഃകൃതർക്കു് പതിച്ചുകൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. അതിൽ അധഃകൃതർക്കു് മുൻഗണന കൊടുക്കണം. പിന്നെ അയൽപക്കക്കാരനായ ഭൂമി ഉടമസ്ഥനു് ഈ പുറംപോക്കുസ്ഥലം പതിച്ചുകൊടുക്കണമെന്നുള്ള ആ നയം പ്രത്യേകിച്ചു് ഒന്നു മാറേറണ്ടതാണു്. ഈ വക സംഗതികളും ഞാൻ പ്രത്യേകം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തികൊണ്ടു് ഇതിനെ പിൻതാങ്ങികൊള്ളുന്നു.

മിസ്റ്റർ ജോസു് കെ. വട്ടിസു്: സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു വിചാരിക്കുന്നു. എന്നാൽ ചില ഭേദഗതികളോടു കൂടിയാണു് ഞാനിതിനെ അനുകൂലിക്കുവാൻ ഉദ്ദേശിക്കുന്നതു്. മിലിട്ടറിയിൽ പോയിട്ടുള്ളവർക്കു് ഭൂമി ദാനത്തിനു് റിസർവ്വു് ചെയ്തുവെച്ചിരിക്കുന്ന സ്ഥലത്തിൽനിന്നു് ചെറിയതായിട്ടൊരംശം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട റവന്യു മെമ്പർ ഇവിടെ പറഞ്ഞു. എന്നാൽ ഈ റസല്യൂഷന്റെ തന്നെ ഉദ്ദേശം കൊണ്ടു് അങ്ങിനേയുള്ളവർക്കു ഇതിൽനിന്നു പങ്കുവെക്കുവാൻ അവകാശം കാണുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അവർക്കു കൊടുക്കേണ്ട എന്നു പറയുന്നില്ല.

മിസ്റ്റർ ജോസു് കെ. വട്ടിസു്: നമ്മുടെ ആളുകൾക്കു് പരിതാപകരമായ ഒരു സ്ഥിതിവന്ന അവസരത്തിൽ, അതായതു് കൊച്ചി ഹാർബറിൽ ഒരു കപ്പലൊ വിമാനമൊ എന്തൊ ഒന്നു വന്നുഎന്നു് കേട്ടപ്പോൾ ഇവിടെയുള്ള ആളുകളെല്ലാവരും തൃശ്ശിവപേരൂരും, മലകളിലും പോയി താമസിച്ച ആ അവസരത്തിൽ രാജ്യത്തുള്ള ജനങ്ങൾക്കും മഹാരാജാവു തിരുമനസ്സിലേക്കുംവേണ്ടി അവരുടെ ജീവനെ തൃണമൽഗണിച്ചു് യുദ്ധസേവനത്തിനു് പോയ ആളുകൾക്കു്, എന്തെങ്കിലും കായ്മായ സഹായം ചെയ്തുകൊടുക്കേണ്ടതു അത്യാവശ്യമാണു്. ഇതിനും പുറമെ അധഃകൃതരിൽനിന്നു് മാറ്റും അനുസരിച്ചു് മുഹമ്മദീയരായൊ കുസ്ത്യാനികളായൊ മതം മാറിപ്പോയിട്ടുള്ളവർക്കും ഇതിൽനിന്നു ഒരുവീതം കിട്ടുവാൻ അവകാശമുണ്ടു്. അവർക്കു മറ്റു സൗകര്യങ്ങൾ കൈവശമുണ്ടെങ്കിൽ കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. സ്വന്തമില്ല

LIBRARY ARCHIVES Kerala Legislative Assembly

അവക്ക് തീപ്പ്യായും കൊടുക്കണം. ഈ അഭിപ്രായം രേഖപ്പെടുത്തി ഞാൻ ഇതിനെ പിന്താങ്ങുന്നു.

Mr. A. Madhava Prabhu *(Diwan Peishkar)* : As the resolution is worded it is not possible for the Government to accept it. If the resolution was that the case of these depressed class people must be considered very sympathetically and they must be given as such consideration as is possible certainly Government would have accepted it. As a matter of fact the policy of the Government even at present is that in all cases without exception where these depressed classes have no house to live in and they make an application for a house site they must be given a house site and that free of value. It is under a mis-apprehension that it has been stated on the floor of this House that these persons are roaming about without houses to live in and that the Government is not extending to them any help. That is not a correct statement of fact. If any Member of the depressed classes applied for a house site, no case has come to my notice in which the application had been rejected. The policy of the Government has been and there is a definite provision in the Land Revenue Manual, for it, that if a depressed class man applies for a house site he must be given a house and that provision has been followed from the beginning. If any application, if any instance of an application having been rejected is brought to my notice then of course I shall be the first man to see that that application is taken up again and granted, (Hear hear) That is why I say that the complaint against the Government is based upon a mis-apprehension of fact. Further to say that because they may have no house sites they must be given all available lands is certainly without any reason. Whether any lands have been given to these under the Food Production Scheme or not if there is any land which can be given to these people certainly it will be given. There is no doubt of it. Those who are not prepared to go and live in the colonies—the usual practice is for them to be asked to live in colonies in their own interests—if they do not propose to do so for their own reasons but there are very few people who want to live in colonies because they find it advantageous to live in places where they can get work, they need not blame the Government for, the rule is already there. Therefore on that ground if this is going to be supported I submit that that should not be done.

Then we come to the other question.—They should be given priority over everybody else. That I submit under the present circumstances it is not possible for the Government to accept. Though there are some people who hold out a different opinion, Government are of the opinion at present that those who have and those who were prepared to sacrifice their lives and everything else go and serve in the army for the sake of the safety of this land, must be shown preferential consideration when compared to those who have remained in their houses and in their own land for their own reason whatever they may. At present therefore Government think unless that otherwise advised and another decision is taken, preferences should be given in the matter of the assignment of these lands to ex-service men wherever there are applicants for these lands. In that, it need not be mistaken that persons with plenty of land will be given these lands. It is not so. It is not necessary. Those who have no land, first to those who have no house to live in, those who have no land to construct their own house they will be given house site to those who have house sites and if they want other land and if land is available, then land will be given for their own cultivation and to those who have got lands for cultivation if there are extra lands after meeting the demands mentioned above then that question will be considered. As very many have gone to war service and as very many of them have no lands such a contingency, I do not expect, will arise. Because the available land is very limited. There is no idea to give any land to those who are already owners of lands. Now there may arise a case in which it may be land may have to be granted by Government to those who have lands already that is to say, there are portions of these backwaters or low ground which nobody except a capitalist is prepared to take and improve and bring to a state of yielding stags. There will be no others who are able to do it. It is not possible for the others to do it. Such lands which nobody else can improve will be given to those who can improve and bring to a state of cultivation. These are not strictly speaking Government lands that are given. They are backwater areas fit for having converted into lands. In the interest of the State, in the interest of the agricultural improvement of the State such assignment should not be tabooed, but should only be encouraged. This is the policy of the Government. There is no rule even at present to assign lands only to the adjacent owners. There is no such rule. That is also a misapprehension. The rule is not that. It was again stated that in the case of those who have spent large amounts of money to bring under cultivation lands which were not fit for cultivation, to them also it must

LIBRARY ARCHIVES Kerala Legislative Assembly

be denied. That is a matter on which at present Government holds a different opinion. It is a matter for consideration, for deep consideration, as to which course should be adopted. Whatever has been said on the floor of this House will be remembered, borns in mind in coming to a conclusion on that point. At present the Government's idea is that in the case of ordinary persons who got back almost the whole of their investments, such cases will be practically ignored. Suppose for instances there is a case in which 4 or 5 thousand rupees has been spent for bunding up a portion of a backwater, for raising the level of that portion and for bringing it to a state fit for cultivation. But for this investment of 5 or 6 thousand rupees it would not have been possible to bring it to that state and if that man hes not been able to make even 100 rupees out of that investment it would be as good as depriving his own land, except that techincally the land when it was given to him was Government property. It will be as good as acquiring his property without paying compensation. In giving lands to ex-service men the Government of Madras do not want to apply the acquisition law. They have proposed another land acquisition law for that. They want to give compensation and then acquire lands. In these cases Government will have to give compensation and will have to take them and then give them, if they want to give. Otherwise it will be inequity, in the case of such glaring instances. Instances on the border line may be ignored. There is no idea of not taking back lands which can be taken away with slight hardship to occupants. That is inevitable in that case of lands of this type. It is very common. It may be that you have not got back all that you have spent but you have got back most of it. Well you have to be satisfied with that. Again when these lands were leased it was clearly stated that nobody can put forward against Government any claim for compensation for improving lands which were being given for food production. People spent without any hope of getting back any portion of it. However in cases causing very great hardship it is a point for serious consideration whether lands should be taken back without any compensation being paid. Individual cases will have to be considered on its peculiar facts.

Then coming to the other point, that is to say, in addition to showing them priority they said they must be given out right assignments. It is not the policy of the Government to give them outright assignments in their own interests. They will get occupancy right, they will be given exclusive possession of the property, no body can disturb them out of their possession, whatever they make on that land they can take. Exclusive right to occupation will be there as if the property was theirs, but the occupation will be subject to certain restrictions which are improved for their own good. These lands are given free of land value and the rent charged is very very nominal, something like 8 annas or so an acre, extremely nominal. But ownership cannot be given for the following reasons. What happens in most cases of ownership is given is this—most of these depressed class people are attached to some land-lords or other. What happens, the moment the Government declare its policy of giving lands to these people, is appliciations are being made at the instance of the land-lord, by all people who are under them—father, son, grand son, great grand son, whoever is available there is made to file an application for an assignment. I can give an actual example. At Malayattur where at first the idea was to sell lands in auction and secure 200 to 300 rupees per acre, that idea was given up to benefit the depressed clasess to auction the lands. When the Diwan Peishkar went to the place to auction the lands he found there was a big rush of people and there was an oportunity for the Government to make as much money as possible. But another set of poor people came up and said that they must be given these lands. Then the auction was stopped and what are the terms under which they are given to these people? A very very nominal price of Rs. 10 or Rs. 15 per acre was fixed and it was made payable in the course of number of a years and the result was this: Next day applications were called for. The Parvathiyam was asked to servey the lands in blocks of 15 or 20 cents. Several applications were received, and lands were given out to the applicants. In a few days those people who applied for base lands and when the lands were given were not there to be seen. They had gone and the land given to according to their applications were found in the hands of these persons who made them apply very need capital out of this situation. Now I ask you where the poor people really banefitted? No. Therefore this and other similar lessons have taught Government not to give these people any proprietory right but to give only occupancy rights with restraint on alienation. If land is given in this way, the property remains the property of the Government but in the exclusive possession of the person. As a result of this the moment you mortgage, the moment you give possession of this property to another, you lose your occupancy right. The moment Government finds that the grantees do not enjoy the benefit given by the grant or that moment Government steps in and clear out the other person. We

LIBRARY ARCHIVES Kerala Legislative Assembly

do that. That right we want to reserve in the interests of these persons. Otherwise most of these lands will go to the Muthalalies. Therefore the policy of the Government will be not to assign these lands but make free gifts of the occupancy right, heritable and ever occupiable so long as be occupies it. Government are always having a very soft corner in their heart for these depressed clase people. Whether this has been recognised by these who fight for them or not, this is a hard fact. With these observations I oppose the resolution. In the words in which it is put nobody else can be given the land leased under the food production leases if those lands are to be taken they should be given only to these people. Government cannot be a party to that policy.

Rao Sahib K. Ayyappan *(Ezhuvas Kanayannur):* Government do not oppose the spirit of the resolution.

Mr. A. Madhava Prabhu *(Diwan Peishkar):* Nothing more than what I have said can be used. If land is to be given, it should be given only with the reservation mentioned by me. No priority can be given, no out and out assignment can be given. As far as is possible, no man will be denied a house site. That is all that I can say.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ പ്രമേയത്തെക്കുറിച്ചു വളരെ ക്ലേശകരമായ നിരവധി പണങ്ങളും അഭിപ്രായങ്ങളും ഇവിടെ പ്രകാശിപ്പിക്കുകയുണ്ടായി. എന്നാൽ എനിക്കതിനെ സംബന്ധിച്ചു അധികമൊന്നും പറയുവാനില്ല. എങ്കിലും ചില അഭിപ്രായങ്ങളെ ഈ സഭ മുമ്പാകെ പറയേണ്ടതായിട്ടുണ്ട്, അധഃകൃതർക്കു ഭൂമി പതിച്ചുകൊടുക്കുമ്പോൾ, എല്ലാ സമുദായത്തിലും സാധുക്കളായ ആളുകളുണ്ട്. അവർക്കും കൂടിയ്ക്കു ഭൂമിപതിച്ചു കൊടുക്കുന്നതു നന്നായിരിക്കും. അതുകൊണ്ടു ഈ പ്രമേയത്തിൽ അതുംകൂടി ഉൾപ്പെടുത്തേണ്ടതാണ് എന്നുള്ള അഭിപ്രായം ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. ആ അഭിപ്രായത്തോടു ഞാൻ എതിരല്ലെങ്കിലും, എല്ലാവിധത്തിലും അവശത അനുഭവിക്കുന്നവർ മറവുള്ള സമുദായങ്ങളിലുണ്ടെങ്കിലും, അവരിലെല്ലാവരിലും കൂടുതൽ അവശത അനുഭവിച്ചു കൊണ്ടിരിക്കുന്നവർ അധഃകൃതരാണ്. ആ ഒരു നിലക്കാണ് ഭക്ഷ്യോല്പാദന പരിപാടിയുടെ കാലാവധിക്കുശേഷം ഭൂമി വിതരണം ചെയ്യുന്നപക്ഷം അവർക്കു മുൻഗണന കൊടുക്കണമെന്നു ഞാൻ പറഞ്ഞതു്. അല്ലാതെ മറവുള്ള സാധുക്കൾക്കു കൊടുക്കരുതു എന്ന അഭിപ്രായം എനിക്കില്ല.

രണ്ടാമതായി ഇന്നത്തെ ഈ പ്രമേയം സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവർമ്മേണ്ടിനു നിവൃത്തിയില്ലെന്നു ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകളും പ്രമേയത്തിന്റെ തത്വത്തോടു യോജിക്കുന്നുണ്ടെങ്കിലും അതു പ്രായോഗികമായി സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നാണ് അദ്ദേഹം പറയുന്നതു്. കാരണം യുദ്ധത്തിൽപോയിട്ടുള്ള ആളുകളും മടങ്ങി വരുമ്പോൾ നാടിനെ രക്ഷിക്കുവാൻ വേണ്ടി വളരെ ത്യാഗങ്ങളും അനുഭവിച്ചിട്ടുള്ള അവർക്കു ഭൂമി കൊടുക്കണമെന്നാണ് അദ്ദേഹം പറയുന്നതു്. അവർക്കു കൊടുക്കേണ്ട എന്നുള്ള അഭിപ്രായം എനിക്കില്ല. പക്ഷെ യുദ്ധത്തിനു പോയിട്ടുള്ളവരിൽ ധനികന്മാരും ഇടത്തരക്കാരും ദരിദ്രന്മാരുമുണ്ട്. അവരിൽ ഏറ്റവും കൂടുതൽ ദരിദ്രരാണ്. ആ ദരിദ്രരേക്കാൾ ദരിദ്രരായിട്ടുള്ളവരും അടിമകളുമാണ് അധഃകൃതരായിട്ടുള്ള ആളുകൾ. അവരും യുദ്ധത്തിനു പോയിട്ടുണ്ട്. അപ്പോൾ ജന്മികളും ഇടത്തരക്കാരും യുദ്ധത്തിനു പോയിട്ടുണ്ടെങ്കിൽ അവർക്കു ഭൂമി കൊടുക്കുന്നകാര്യത്തിൽ ഗവർമ്മേണ്ടു ദൃഷ്ടിവെക്കുന്നതു ഗവർമ്മേണ്ടിനു കൂറച്ചു പോരായ്മയുള്ള കാര്യമാണ്. അവർക്കു ഉള്ളവരാണ്. ഇല്ലായ്മയും സമൃദ്ധിയും തമ്മിലുള്ള ഒരു കാര്യമാണിതു്. അതുകൊണ്ടു് ഇതൊക്കെ നല്ലവണ്ണം മനസ്സിലാക്കിട്ടുവേണം ഗവർമ്മേണ്ടു ഈ കാര്യത്തിൽ ശരിയായ നടപടി എടുക്കുവാൻ. യുദ്ധത്തിനുപോയി വന്നിട്ടുള്ള ആളുകൾ ദരിദ്രരാണെങ്കിൽ കിടക്കുവാൻ പാർപ്പിടമില്ലാത്തവരാണെങ്കിൽ, അവർക്കു ഭൂമി പതിച്ചു കൊടുക്കുക എന്നു തത്വമാണ് ഗവർമ്മേണ്ടു സ്വീകരിക്കേണ്ടതു്.

റാവു സാഹിബ് കെ. അയ്യപ്പൻ: അങ്ങിനെയാണ് പറഞ്ഞതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അവരിൽ ഏറ്റവും അധികം കഷ്ടപ്പെടുന്നവർ അധഃകൃതരായതുകൊണ്ടു് അവർക്കു മുൻഗണന കൊടുക്കാതെ നിവൃത്തിയില്ല.

പിന്നെ ഇതേവരെ കുടിപാർപ്പുസ്ഥലത്തിനു അധഃകൃതരുടെ അപേക്ഷകൾ കിട്ടിയിട്ടു് തള്ളികളഞ്ഞതായിട്ടുള്ള ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. അതിൽ ഞാൻ ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകളോടും ഗവർമ്മേണ്ടിനോടും വളരെ നന്ദിയുള്ളവനാണ്. എന്നാൽ സ്ഥലം പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പലഹർജികളും അധഃകൃതർ അയച്ചിട്ടു് ഉപ്പോഴും അതു പെൻറിംഗായിട്ടുതന്നെ കിടക്കുന്നുണ്ടെന്നു സംഗതി എനിക്കറിയാവുന്നതാണ്. മന്നൊന്നാരക്കൊല്ലമായിട്ടും കോളനിക്കു അപേക്ഷ അയച്ചിട്ടു ഇതേ

LIBRARY ARCHIVES Kerala Legislative Assembly

വരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഇങ്ങിനെയുള്ള പല അപേക്ഷകളെ സംബന്ധിച്ചും എനിക്കു ഗവർമ്മേണ്ടിനെ വീണ്ടും ബോധിപ്പിക്കുവാൻ കഴിയും.

മിസ്റ്റർ എ. മാധവപ്രഭു: അതു Protector-ടെ വഴിക്കു വരേണ്ടതാണു്. അദ്ദേഹം പറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ കെ. കണ്ണൻ: ഇതു പ്രൊട്ടക്ഷനും ബഹുമാനപ്പെട്ട മന്ത്രിയും ദിവാൻ പേഷ്കാർ അവർകളും അറിഞ്ഞിട്ടുള്ള കാര്യമാണു്, അതു delay ചെയ്യുന്നതു് ഔചിത്യമായിരിക്കുമോ എന്നു മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുന്നുള്ളൂ. കൊടുക്കുകയില്ലെന്നു എനിക്കു ബോധ്യമില്ല. പക്ഷെ അതു delay ചെയ്യുന്നതു ശരിയല്ല. താമസത്തിന്നു് ആവശ്യമായിട്ടുള്ള കാര്യം ഏറ്റവും അടിയന്തിരമായിട്ടുള്ള ഒരു സംഗതിയാണു്. അതർഹിക്കുന്ന ഗൌരവത്തോടുകൂടി ഗവർമ്മേണ്ടു അതിലൊരു തീരുമാനമുണ്ടാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

പിന്നെ, ഞങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചു ചോദ്യം ചെയ്യുമ്പോൾ അതു വലിയൊരു മഹാപരാധമാണു്, മറ്റു സമുദായക്കാരെ അവഹേളിക്കുന്നതാണു് എന്നു ചില ആളുകൾ തെറ്റിദ്ധരിക്കാറുണ്ടു്. അനാവശ്യമായി കുറ്റം പറയുന്ന ഏർപ്പാടു ഞങ്ങൾക്കില്ല. ന്യായത്തിന്റെയും ധർമ്മത്തിന്റെയും നീതിയുടേയും പേരിൽ ഞങ്ങൾ അങ്ങേ അറ്റത്തെ സമരം നടത്തും. ധർമ്മത്തേയും നീതിയേയും പുലർത്തുവാൻ വേണ്ടി അങ്ങേ അറ്റത്തെ സമരം നടത്തുവാൻ ഞങ്ങൾ ഇവിടെ തന്നെയല്ല എവിടേയും ഒട്ടും പിന്നോക്കമല്ലെന്നുള്ള സംഗതി ഈ സഭയെ ഞാൻ ശക്തിയായി ഉൽബോധിപ്പിച്ചു കൊള്ളുന്നു. അതു മറ്റു സമുദായങ്ങളെ അവഹേളിക്കുകയാണെന്നു പറയരുതു്. അങ്ങനെ ഒരു തെറ്റിദ്ധാരണയുണ്ടാക്കി തീർക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. ന്യായം പറഞ്ഞു മേടിക്കുക എന്നുള്ളതു്, ഞങ്ങൾ വളരെക്കാലമായിട്ടു് അനുവർത്തിച്ചുവരുന്ന ഒരു നയമാണു്. അതുകൊണ്ടു ഇതു ന്യായമാണൊ എന്നു നോക്കീട്ടുമാത്രം ഞങ്ങളുടെ കാര്യം ഇവിടെ എടുത്താൽമതി. ന്യായമല്ലെങ്കിൽ തള്ളിക്കളഞ്ഞുകൊള്ളുക. എനിക്കു വിരോധമില്ല. ഇതുമാത്രമാണു് ഞങ്ങൾ അവഹേളിക്കുന്നു എന്നു പറയുന്ന ആളുകളോടു സമാധാനം പറയുവാനുള്ളതു്. ഗവർമ്മേണ്ടു ഇതു വളരെ അനുഭാവപൂർവ്വം വീക്ഷിക്കാമെന്നു മറുപടി പറഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ ഈ റസലൂഷൻ ഇവിടെ പ്രസ്സുചെയ്യണമെന്നു വിചാരിക്കുന്നില്ല. ഗവർമ്മേണ്ടു ഈ കാര്യത്തിൽ ഇനിയെങ്കിലും അധഃകൃതരോടുള്ള കടമ കാണിച്ചു ഈ പ്രമേയതത്വം ഉടനെ നടപ്പിൽ വരുത്തണമെന്നപേക്ഷിച്ചുകൊണ്ടും ഞാൻ ഈ പ്രമേയം സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചു കൊള്ളുന്നു.

Resolution, by leave, withdrawn

The House rose for the day at 5 p. m.

N. S. RADHAKRISHNA SARMA

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly